# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5415 — 04.07.2013 ൽ മറുപടിക്ക്

**കായംകുളം താലൂക്ക് ആശുപത്രിയിലെ അസൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം താലൂക്കാശുപത്രിയിൽ ലേബർ റൂം, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ എന്നിവയ്ക്കായി പുതിയ ബഹുനില കെട്ടിടം ഉണ്ടായിട്ടും ഇവിടെ വെറും കാഷ്വാലിറ്റി മാത്രമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ കാഷ്വാലിറ്റി എന്നിവ ഈ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ലേബർ റൂം പഴയ കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുതിയ ലേബർ റൂമിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ; | | |
| (സി) | ഇവിടെ ബ്ലഡ് സ്റ്റോറേജ് യൂണിറ്റിനായി ആവശ്യമായ കെട്ടിടവും, ഉപകരണങ്ങളും ഉണ്ടായിട്ടും ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങുന്നതിന് ഡ്രഗ്സ് കൺട്രോളറുടെ അനുമതി ലഭിക്കേണ്ടതുണ്ട്. ആയതിലേക്കുവേണ്ട പ്രൊപ്പോസൽ കായംകുളം താലൂക്കാശുപത്രിയിൽ നിന്ന് അയയ്ക്കുകയും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ആശുപത്രിയിലെ സ്ഥലം സന്ദർശിക്കുകയും ചെയ്തു. കൂടാതെ ബ്ലഡ് സ്റ്റോറേജ് യൂണിറ്റിനായി കുറച്ച് സിവിൽ ജോലികൾ ചെയ്യുന്നതിനുവേണ്ടി ആശുപത്രി നിർവ്വഹണസമിതി തീരുമാനിക്കുകയും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുവേണ്ട തുക ആശുപത്രി നിർവ്വഹണ സമിതി ഫണ്ടിൽ നിന്നും മുനിസിപ്പൽ സെക്രട്ടറിയേറ്റ് നൽകിയിട്ടുണ്ട്. പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോളറുടെ അനുമതി ലഭിച്ചാലുടൻ തന്നെ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതാണ്. കൂടാതെ ബ്ലഡ് സ്റ്റോറേജ് യൂണിറ്റിലേക്ക് വേണ്ട മെഡിക്കൽ ഓഫീസർക്കും ലാബ് ടെക്നീഷ്യനും പരിശീലന നടപടി ആരംഭിച്ചിട്ടുണ്ട്. രക്തസംഭരണ യൂണിറ്റിന് ആവശ്യമായ മുറിയുടെ പണി പൂർത്തിയായിക്കഴിഞ്ഞാലുടൻ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനിംഗിനായി മെഷീനുകൾ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഇത് പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കാമോ ; | (ഡി) | ഉണ്ട്. പ്രസ്തുത മെഷീന്റെ പ്രോബ് തകരാറിലായ കാരണം പ്രവർത്തനക്ഷമമല്ല. പ്രസ്തുത പ്രോബിന്റെ വിതരണം ഇപ്പോൾ ലഭ്യമല്ലായെന്ന് അംഗീകൃത ഏജൻസിയായ LARSEN & TUBRO LTD രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (ഇ) | അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഇ) | അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ 2013-14 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

nm/